# 8

# ആഹാബിന്റെ അവസാന അവസരങ്ങൾ

## (1 രാജാക്കന്മാർ 20)

''അവസാന അവസരം'' എന്ന പരസ്യം ഒരുപക്ഷെ നിങ്ങൾ കണ്ടിരിക്കാം. ''അടുത്ത അമ്പതു മൈലിനുള്ളിൽ ഇന്ധനത്തിനും ആഹാരത്തിനും അവസാന അവസരം''; ''സർക്കസ് ടൗൺ വിട്ടുപോകുന്നതിനു മുമ്പുള്ള അവസാന അവസരം''; ''വിതു തീരുന്നതിനു മുമ്പ് ഈ വിലക്ക് കിട്ടുന്ന അവസാന അവസരം.'' അത്തരം പരസ്യങ്ങൾ ചിലപ്പോൾ ഉപകാരപ്രദമാണ്; ചിലപ്പോൾ അങ്ങനെ ആയിരിക്കയുമില്ല. ഒരിക്കൽ ഞാൻ എന്റെ കുടുംബവുമായി കാറിൽ സംസ്ഥാനങ്ങൾ മറി കടന്നു യാത്ര ചെയ്യുകയുണ്ടായി. ഒരു സംസ്ഥാനം കഴിഞ്ഞ് മറ്റൊരു സംസ്ഥാനത്തിലേക്ക് കടന്നാൽ ഇന്ധനത്തിന്റെ വില ക്രമാതീതമായി ഉയരും. ഞങ്ങൾ ഇന്ധനം നിറക്കുന്ന സ്ഥലത്ത് ഒരു വലിയ ബോർഡ് കണ്ടു: ''$1.50 ന് ഒരു ഗാലൻ ഇന്ധനം ലഭിക്കുന്ന അവസാന അവസരം'' എന്നു വലിയ അക്ഷരത്തിൽ എഴുതി വെച്ചിരിക്കുന്നു, അത് കണ്ട് ഞങ്ങൾ വാഹനം നിർത്തി ഇന്ധനം നിറച്ചു യാത്ര തുടങ്ങി. അധികം കഴിയുന്നതിനു മുൻപ് ഞങ്ങൾ ആ സംസ്ഥാനം കടന്നു മറ്റൊരു സംസ്ഥാനത്തേക്ക് പ്രവേശിച്ചപ്പോൾ അവിടെ ഇന്ധനത്തിനു ഞങ്ങൾ കൊടുത്തതിലും *കുറവായിരുന്നു* എന്നു കണ്ടെത്തി!

എങ്ങനെയായാലും, ചിലപ്പോൾ ''അവസാന അവസരം'' എന്ന പ്രയോഗത്തിനു പ്രാധാന്യമുണ്ട്. ചിലപ്പോൾ വിമാനങ്ങൾ കടൽ കടന്നു യാത്ര ചെയ്യുമ്പോൾ ''മടങ്ങി വരുവാൻ കഴിയാത്ത ഒരു സ്ഥാനമുണ്ടാകും.'' എന്തെങ്കിലും കുഴപ്പം ഉണ്ടായാൽ മടങ്ങി വരുവാൻ ഇന്ധനം കുറവാകുന്ന ഒരു സ്ഥാനമുണ്ടാകും. കാരണം പകുതി ഇന്ധനം ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നെ അവർക്ക് മടങ്ങുവാൻ കഴിയാതെ മുൻപോട്ട് പോകുവാനേ കഴിയു.

ആഹാബിന്റെ ''അവസാന അവസരത്തെ'' കുറിച്ചാണ് 1 രാജാക്കന്മാർ 20 പറയുന്നത്. യഹോവ സത്യ ദൈവമാണെന്ന് അംഗീകരിക്കുവാൻ ആഹാബിനു ദൈവം ധാരാളം അവസരം കൊടുത്തിരുന്നതായും ആ നിർണ്ണായകമായ അദ്ധ്യായം വെളിപ്പെടുത്തുന്നു. ആ അദ്ധ്യായത്തിൽ ഏലിയാവ് പ്രത്യക്ഷനാകുന്നില്ല. അതിനു മുൻപുള്ള അദ്ധ്യായത്തിൽ ഏലിയാവ് പറഞ്ഞു, ''ഇപ്പോൾ മതി'' (1 രാജാക്കന്മാർ 19:4). അവൻ ആഹാബിനെ വിട്ടുകളഞ്ഞു, എന്നാൽ ദൈവം സ്പഷ്ടമായും ആഹാബിനെ വിട്ടുകളഞ്ഞില്ല. അവൻ ആഹാബിന് ധാരാളം അവസരം കൊടുത്തു.

യിസ്രായേലിന്റെ മുഖ്യ ശത്രുവായി കണക്കാക്കിയിരുന്ന വടക്കുള്ള അരാമ്യരുമായുള്ള രണ്ടു പ്രധാന യുദ്ധങ്ങളിൽ ദൈവം ആഹാബിനോടും യിസ്രായേലിനോടും കൂടെ നിന്ന് ജയിപ്പിച്ചതായി അദ്ധ്യായം 20 പറയുന്നു. അങ്ങനെ ചെയ്യുവാൻ ദൈവത്തിനു പല കാരണങ്ങൾ ഉണ്ടായിരുന്നേക്കാം. ഒരുപക്ഷെ അവൻ ഉടമ്പടി ചെയ്ത ആളുകളെ സംരക്ഷിക്കുക എന്നതായി

രിക്കാം. അരാമ്യർ യിസ്രായേലിനെ നശിപ്പിച്ചാൽ, മശിഹ വരുവാനിരിക്കുന്ന യെഹൂദ്യക്കും അപകടമാകും. എങ്ങനെയായാലും 1 രാജാക്കന്മാർ 20-ൽ പറഞ്ഞിരിക്കുന്ന കാരണം ദൈവത്തിനു ഇടപെടുവാനായിരുന്നു എന്നാണ്. അത് വാക്യം 13 ലൂം 28 ലും പറഞ്ഞിരിക്കുന്നു:

> ... എന്നാൽ ഒരു പ്രവാചകൻ യിസ്രായേൽ രാജാവായ ആഹാബിന്റെ അടുക്കൽ വന്നു, ''യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, 'ഈ മഹാ സംഘത്തെ ഒക്കെയും നീ കണ്ടുവോ?' 'ഞാൻ ഇന്ന് അതിനെ നിന്റെ കയ്യിൽ ഏൽപിക്കും, *ഞാൻ യഹോവ എന്നു നീ അറിയും എന്നു പറഞ്ഞു.' "*

> ... ഒരു ദൈവപുരുഷൻ അടുത്തുവന്നു യിസ്രായേൽ രാജാവിനോട്, ''യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, '..., ഞാൻ ഈ മഹാ സംഘത്തെ ഒക്കെയും നിന്റെ കയ്യിൽ ഏൽപിക്കും. *ഞാൻ യഹോവ തന്നെ എന്നു നിങ്ങൾ അറിയും എന്നു പറഞ്ഞു' "* (എംഫസിസ് മൈൻ).

ദൈവം പറഞ്ഞത്, ''ബാലോ അശേരയോ യഹോവയല്ല, മറിച്ച് *ഞാൻ* തന്നെയാണ്, സത്യ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയും.'' ആഹാബോ യിസ്രായേലോ അതിനു യോഗ്യമായതുകൊണ്ടല്ല ദൈവം പ്രവർത്തിച്ചത്, പിന്നെയോ അവന്റെ ശക്തി കാണിക്കേണ്ടതിനത്രെ. അവൻ തന്നെയാണ് വാസ്തവത്തിൽ യഹോവ എന്ന് തിരിച്ചറിയുവാൻ ദൈവം ആഹാബിനും യിസ്രായേലിനും മറ്റൊരു അവസരം കൂടെ നൽകുകയായിരുന്നു.

നാം ''അത്ഭുത കൃപ'' എന്ന പാട്ടു പാടും. ദൈവകൃപയുടെ മാഹാത്മ്യത്തെ എടുത്തു കാണിക്കുന്നതാണ് ഈ അദ്ധ്യായം. പത്രൊസ് പറഞ്ഞു, ''ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടേണ്ടതിന് നിങ്ങളോട് [ദീർഘ-ക്ഷമ] കാണിക്കുന്നതേയുള്ളു'' (2 പത്രൊസ് 3:9). ദൈവം എത്ര ക്ഷമയും ദീർഘക്ഷമയുമുള്ളവനാണെന്ന് ഈ അദ്ധ്യായം വ്യക്തമാക്കുന്നു.

## ആഹാബിന്റെ ആദ്യ അവസരം (20:1-21)

യഹോവ തന്നെയാണ് ദൈവമെന്ന് തിരിച്ചറിയുവാൻ അവന് ഈ അദ്ധ്യായത്തിൽ ആഹാബിനു ലഭിക്കുന്ന ആദ്യ അവസരം വാക്യം 1 മുതൽ 21 വരെ കാണാം (മുൻപ് അവന് പല അവസരങ്ങളും ലഭിച്ചിരുന്നു).

യിസ്രായേലിനെ നശിപ്പിക്കുവാൻ അരാം രാജാവായിരുന്ന ബെൻഹദദ് എങ്ങനെ തയ്യാറായി എന്ന് വാക്യം 1 മുതൽ 12 വരെ വിവരിക്കുന്നു. ''എന്നാൽ അരാം രാജാവായ [അല്ലെങ്കിൽ സിറിയ] ബെൻഹദദ്[1] സൈന്യത്തെ ഒക്കെയും ഒന്നിച്ചുകൂട്ടി അവനോടുകൂടെ മുപ്പത്തി-രണ്ട് രാജാക്കന്മാരും[2] കുതിരകളും രഥങ്ങളും ഉണ്ടായിരുന്നു. അവൻ പുറപ്പെട്ടുവന്നു ശമര്യയെ നിരോധിച്ചു അതിന്റെ നേരെ യുദ്ധം ചെയ്തു'' (വാക്യം 1). ശമര്യയിൽ ഉപരോധം എത്ര നാളുണ്ടായിരുന്നു എന്നു നമ്മോട് പറയുന്നില്ല, പക്ഷെ അരാമ്യർ ''താൽക്കാലിക ഷെഡ്ഡുകൾ'' നിർമ്മിക്കുന്നതുവരെ നീണ്ടു നിന്നു കാണും (വാക്യങ്ങൾ 12, 16), കൂടാതെ ആഹാബ് ഏതു നിബന്ധനയും അംഗീകരിക്കുന്നതുവരെ.

അത്തരം നിരോധനത്തിൽ ഉൾപ്പെട്ടിരിക്കുന്നതെന്തെന്ന് അറിയുവാൻ

ബെൻഹദദ്[3] വീണ്ടും ശമര്യയിൽ നിരോധനം ഏർപ്പെടുത്തിയതു വിവരിക്കുന്ന 2 രാജാക്കന്മാർ 6:24–30 നോക്കുക. പട്ടിണി കിടക്കാതിരിക്കുവാൻ, പറയുവാൻ പാടില്ലാത്ത വസ്തുക്കൾ ആളുകൾ തിന്നിട്ടുണ്ട്. അമ്മമാർ തങ്ങളുടെ സ്വന്തകുഞ്ഞുങ്ങളെ തന്നെ തിന്നിരുന്നു!

അടുത്തത് ആഹാബിന്റെ അടുക്കലേക്ക് ബെൻഹദദ് സന്ദേശവാഹകരെ അയച്ചു പറഞ്ഞു, ''നിന്റെ വെള്ളിയും പൊന്നും എനിക്കുള്ളത്; നിന്റെ സൗന്ദര്യമുള്ള ഭാര്യമാരും പുത്രന്മാരും എനിക്കുള്ളത്'' (വാക്യങ്ങൾ 2, 3).

ബെൻഹദദിനു യിസ്രായേലിനോട് കടുത്ത വിരോധം ഉണ്ടായിരിക്കണം. വിജയത്തിൽ മാത്രം ഒതുങ്ങുവാൻ അവൻ ആഗ്രഹിച്ചില്ല. ശക്തിയുള്ളവന് എപ്പോഴും തന്റെ ബലഹീരായ ഇരകളെ ''മണ്ണു തീറ്റിച്ചാലേ'' തൃപ്തി വരികയുള്ളു. ആഹാബിനേയും യിസ്രായേലിനേയും ലജ്ജിപ്പിക്കുവാനാണ് ബെൻഹദദ് ആഗ്രഹിച്ചത്. ''നിന്റെ വെള്ളിയും പൊന്നും എനിക്ക് ഉള്ളത്.'' പിന്നെ പറഞ്ഞു, ''നിന്റെ ഭാര്യമാരും പുത്രന്മാരും എനിക്കുള്ളത്.'' ഒരു രാജാവിനു തന്റെ ഭാര്യയെയും മക്കളെയും നൽകുക എന്നു പറഞ്ഞാലെന്താണെന്ന് നാം മനസിലാക്കണം. ഒരു രാജാവിന്റെ അരമന നഷ്ടമാകുക എന്നാൽ അവന്റെ പുരുഷത്വവും, ആത്മാഭിമാനവും, സിംഹാസനവും നഷ്ടമാകുന്നതിനു തുല്യമാണ്. തന്റെ കുടുംബത്തിന്റെ പ്രതിരോധനത്തിനായി രാജാവ് മരിക്കുമായിരുന്നു!

ഈ പരിഹാസ്യമായ ആവശ്യത്തോട് ആഹാബ് എങ്ങനെയാണ് പ്രതികരിച്ചത്? പേടിച്ചു വിറച്ച ആഹാബ് ആ നിബന്ധനകളെല്ലാം ആദ്യം സമ്മതിച്ചു,[4] പറഞ്ഞു, ''എന്റെ യജമാനനായ രാജാവേ, നീ പറഞ്ഞതുപോലെ ഞാനും എനിക്കുള്ളതൊക്കെയും നിനക്കുള്ളതു തന്നെ എന്നു മറുപടി പറഞ്ഞയച്ചു'' (വാക്യം 4).[5] ആഹാബിന്റെ പ്രധാനപ്പെട്ട ഭാര്യ ഈസെബേൽ ആയിരുന്നു! ആഹാബിന്റെ ഈ തീരുമാനം കേട്ടപ്പോൾ അവൾ അമ്പരക്കുകയും അസന്തുഷ്ടയാവുകയും ചെയ്തതു ഊഹിക്കുക!

നിബന്ധനകൾ വെക്കുകയും, അതു അംഗീകരിക്കുകയും ചെയ്തു എന്നു കേൾക്കുമ്പോൾ കുഴപ്പങ്ങൾ തീർന്നു എന്നു നാം വിചാരിക്കും. എങ്ങനെയായാലും, ആഹാബിനെ ലജ്ജിപ്പിക്കുവാനുള്ള ബെൻഹദദിന്റെ പരിശ്രമം അവസാനിച്ചില്ല. അവന്റെ തീരുമാനം അനുസരിച്ച് ആഹാബ് മതിയായത്ര മണ്ണ് തിന്നിട്ടില്ല. അവൻ നിബന്ധനകൾ പുതുക്കി നിശ്ചയിച്ചു:

> ദൂതന്മാർ വീണ്ടും വന്നു; ബെൻഹദദ് ഇപ്രകാരം പറയുന്നു, ''നിന്റെ വെള്ളിയും പൊന്നും, ''നിന്റെ ഭാര്യമാരെയും പുത്രന്മാരെയും എനിക്കു തരേണമെന്ന് ഞാൻ പറഞ്ഞയച്ചുവല്ലോ''; നാളെ ഈ നേരത്ത് ഞാൻ എന്റെ ഭൃത്യന്മാരെ നിന്റെ അടുക്കൽ അയക്കും; അവർ നിന്റെ അരമനയും നിന്റെ ഭൃത്യന്മാരുടെ വീടുകളും ശോധന ചെയ്തു നിനക്ക് ഇഷ്ടമുള്ളതൊക്കെയും കൈക്കലാക്കി കൊണ്ടുപോരും എന്നു പറഞ്ഞു'' (വാക്യങ്ങൾ 5, 6).

ഫലത്തിൽ, ബെൻഹദദ് പറഞ്ഞു, ''ഞാൻ പറഞ്ഞയച്ചതു നീ തരുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിനാൽ ഞാൻ എന്റെ ഭൃത്യന്മാരെ അയക്കും. രാജധാനി ഭണ്ഡാരത്തിലെ ഖജനാവിൽനിന്നു അവർ വെള്ളിയും പൊന്നും എടുക്കുക മാത്രമല്ല, നഗരത്തിലെ എല്ലാ വീടുകളെയും പരിശോധിക്കും. അവർക്ക് ഇഷ്ടമുള്ളതെല്ലാം അവർ എടുക്കും!''

അപ്പോൾ ആഹാബ് ബെൻഹദദിനോട് എങ്ങനെ പ്രതികരിച്ചു? വാസ്തവത്തിൽ സമ്മതിച്ചില്ല. പകരം, അവൻ തന്റെ ഉപദേഷ്ടാക്കന്മാരെ വിളിച്ചു പ്രശ്നം അവരിലേക്ക് ഇട്ടുകൊടുത്തു:

> അപ്പോൾ യിസ്രായേൽ രാജാവ് രാജ്യത്തുള്ള എല്ലാ മൂപ്പന്മാരെയും വരുത്തി, ''അവൻ ദോഷം ഭാവിക്കുന്നത് നോക്കിക്കൊൾവിൻ; എന്റെ ഭാര്യമാരെയും പുത്രന്മാരെയും എന്റെ വെള്ളിയും പൊന്നും അവൻ ആളയച്ചു ചോദിച്ചു. എന്നാൽ ഞാൻ വിരോധിച്ചില്ല എന്നു പറഞ്ഞു'' (വാക്യം 7).

തടസം കൂടാതെ തന്റെ ഭാര്യയേയും പുത്രന്മാരെയും നൽകാമെന്ന് സമ്മതിച്ചതായി ആഹാബ് തന്റെ ലജ്ജ വെളിപ്പെടുത്തി. ''ഇപ്പോൾ ഞാൻ എന്തു ചെയ്യണം?'' എന്നതായിരുന്നു ആഹാബിന്റെ നിലവിളി. മൂപ്പന്മാരും മന്നു കൂടി വന്നവരും ധൈര്യം അവലംബിച്ചു. അവർ പ്രതികരിച്ചു, ''അവനെ കേൾക്കുകയോ, അത് സമ്മതിക്കയോ ചെയ്യരുത്'' (വാക്യം 8). ആഹാബ് തന്റെ വിസമ്മത സന്ദേശം ബെൻഹദദിനെ അറിയിച്ചു (വാക്യം 9).

ബെൻഹദദിന് കോപം ജ്വലിച്ചു. അവൻ യിസ്രായേലിന്റെ ഹൃദയങ്ങൾ ഓരോന്നും ഭയന്നു വിറക്കുന്ന സന്ദേശം അയച്ചു: ''എന്നോടുകൂടെയുള്ള എല്ലാ പടജ്ജനത്തിന്നും കൈക്കു ഓരോ പിടിവാരുവാൻ ശമര്യയിലെ പൊടി മതിയാകുമെങ്കിൽ ദേവന്മാർ എന്നോടു തക്കവണ്ണവും അധികവും ചെയ്യട്ടെ എന്നു പറയിച്ചു'' (വാക്യം 10). ''ഇപ്പോഴത്തേക്ക് ഞാൻ നഗരത്തെ വിടുന്നു, എന്നാൽ പിന്നീട് ശമര്യയെ നശിപ്പിക്കും.'' പിന്നെയും അവൻ പറഞ്ഞു, ''ഞാൻ ശമര്യയെ 'ഒന്നും അവശേഷിക്കാത്ത വിധത്തിൽ പൊടിയാക്കി മാന്തും; എന്റെ പടജ്ജനം പൊടി അവിടെനിന്നു നീക്കികളയും!' ''[6]

തന്റെ തന്നെ ഒരു പഴഞ്ചൊല്ലിനാൽ, ആഹാബ് ഇങ്ങനെ പ്രതികരിച്ചു, ''നിങ്ങൾ അവനോട് 'വാൾ അരെക്കു കെട്ടുന്നവൻ അഴിച്ചുകളയുന്നവനെ പോലെ വമ്പു പറയരുത് എന്നു അവനോട് പറവിൻ എന്നു പറയിച്ചു' '' (വാക്യം 11).[7] ആഹാബ് പറഞ്ഞത്, ''പൊങ്ങച്ചം പറയുന്നത് യുദ്ധത്തിനു മുൻപല്ല, യുദ്ധത്തിനു *ശേഷമാണ്*-അതുകൊണ്ട്, അങ്ങനെ അഹംഭാവത്തിൽ സംസാരിക്കുവാൻ യുദ്ധശേഷം ആയുധങ്ങൾ അഴിച്ചു മാന്തുന്നതുവരെ കാത്തിരിക്കുക.'' ''അട വിരിയുന്നതിനു മുൻപ് കോഴികളെ എണ്ണുവാൻ ശ്രമിക്കരുത്''[8] എന്ന പഴഞ്ചൊല്ലും അതുപോലെയാണ്. (കുട്ടികൾ അങ്ങോട്ടുമിങ്ങോട്ടും വെല്ലുവിളിക്കുന്നതുപോലെയായിരുന്നു ബെൻഹദദും ആഹാബും ചെയ്തത്: ''നിന്റെ വെല്ല്യമ്മ സൈന്യത്തിന്റെ ബൂട്ടുകളാണ് ഇടുന്നത്''; ''നിന്റെ വെല്ല്യപ്പൻ ഉറങ്ങുന്നത് കാലുകൾ ഷീറ്റിനു പുറത്തിട്ടുകൊണ്ടാണ്!'')

> ... എന്നാൽ ബെൻഹദദ് ഈ സന്ദേശം കേട്ടപ്പോൾ, അവനും രാജാക്കന്മാരും മണിപ്പന്തലിൽ കുടിച്ചുകൊണ്ടിരിക്കയായിരുന്നു[9]... അവൻ തന്റെ ഭൃത്യന്മാരോടു പറഞ്ഞു, ''ഒരുങ്ങിക്കൊൾവിൻ'' അങ്ങനെ അവർ ദേശത്തിനെതിരായി ഒരുങ്ങി (വാക്യം 12).

ആ സമയത്ത് ദൈവം ഇടപെട്ട് ആഹാബിനു മറ്റൊരു അവസരം കൂടെ നൽകി. ''എന്നാൽ ഒരു പ്രവാചകൻ യിസ്രായേൽ രാജാവായ ആഹാബിന്റെ

അടുക്കൽ വന്നു യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, ...'' (വാക്യം 13). ആരായിരുന്നു ആ പ്രവാചകൻ? നമുക്ക് അറിയില്ല. ഒരു പ്രവാചകൻ ആഹാബിന്റെ അടുക്കൽ വരുന്നതായി ഈ അദ്ധ്യായത്തിൽ നാല് പ്രാവശ്യം പറഞ്ഞിരിക്കുന്നു (വാക്യങ്ങൾ 13, 22, 28, 35). ദൈവത്തിന്റെ സന്ദേശവാഹകരെ മൂന്നു വ്യത്യസ്തവാക്കുകളാൽ വിളിച്ചിരിക്കുന്നു, ഒരുപക്ഷെ ചുരുങ്ങിയത് മൂന്നു വ്യത്യസ്തരായ പ്രവാചകന്മാർ ഈ അദ്ധ്യായത്തിൽ ആഹാബിനോട് ഇടപെട്ടിരിക്കുന്നു എന്നു പറയാം. അങ്ങനെയെങ്കിൽ, അവർ എവിടെ നിന്നു വന്നു? ഏലിയാവിന്റെ അവസാന അദ്ധ്യായത്തിൽ അവൻ തനിച്ചായിരുന്നു എന്നു ഊന്നി പറയുന്നു (1 രാജാക്കന്മാർ 18:22; 19:10, 14). കർമ്മേൽ പർവ്വതത്തിൽ വെച്ച് ഏലിയാവ് ധൈര്യശാലിയായിരുന്നത്, മറ്റു പ്രവാചകന്മാർ അവനെ ധൈര്യപ്പെടുത്തിയതുകൊണ്ടാകാം. മറഞ്ഞിരുന്നവർ ഒരുപക്ഷെ ദേശത്തിനെതിരായി ദുഷ്ടത ഉയർന്നപ്പോൾ, മറഞ്ഞിരുന്നവർ പ്രത്യക്ഷരായതാകാം. നേരെ മറിച്ച്, ദേശത്തെ ദൈവത്തിലേക്ക് ഏലിയാവ് ജനത്തെ തിരിച്ചില്ലായിരിക്കാം, പക്ഷെ അവന്റെ പ്രവൃത്തികൾ ആളുകളെ ഉത്തേജിപ്പിച്ചുവെങ്കിൽ അവന് ചിലതു നേടുവാൻ കഴിഞ്ഞിരുന്നു!

നാം ആഗ്രഹിക്കുന്നതു നേടിയെടുക്കുവാൻ കഴിയാതിരിക്കുന്നതുകൊണ്ട് നാം പലപ്പോഴും നിരുൽസാഹപ്പെടും. നാം ദൈവേഷ്ടമാണ് ചെയ്യുന്നതെങ്കിൽ, നാം വിചാരിച്ച നേട്ടങ്ങൾ കൈവരിച്ചില്ലെങ്കിലും, നാം ഒന്നും നേടിയില്ല എന്നു പറയുവാൻ സാധ്യമല്ല. നമ്മുടെ പ്രവൃത്തികളെ ദൈവത്തിന് നന്മക്കായി മാറ്റുവാൻ കഴിയും.

ആഹാബിന്റെ അടുക്കൽ വന്ന പ്രവാചകൻ അവനോട് പറഞ്ഞു, ''യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, 'ഈ മഹാ സംഘത്തെ ഒക്കെയും നീ കണ്ടുവോ? ഞാൻ ഇന്നു അതിനെ നിന്റെ കയ്യിൽ ഏൽപിക്കും; ഞാൻ യഹോവ തന്നെ എന്നു നീ അറിയും എന്നു പറഞ്ഞു' '' (വാക്യം 13). ആ ചോദ്യത്തിൽ നല്ല നർമ്മം കാണാം. ആഹാബിന് അതെങ്ങനെ കാണാതിരിക്കുവാൻ കഴിയും? അവൻ എവിടെ തിരിഞ്ഞു നോക്കിയാലും അവരെയെല്ലാം അവനു കാണുവാൻ കഴിയും! പിന്നെ ദൈവ സന്ദേശത്തിന്റെ ഉദ്ദേശം വ്യക്തമാക്കി: ''ഞാൻ ഇന്നു അതിനെ നിന്റെ കയ്യിൽ ഏൽപിക്കും, ഞാൻ യഹോവ എന്നു നീ അറിയും'' (വാക്യം 13). അവരെ സംരക്ഷിക്കുന്നതിൽ ദൈവം പരാജയപ്പെട്ടു. ഉപരോധം തുടങ്ങിയതുമുതൽ ബാലിനും അശേരാക്കും നടത്തിയ ആയിരക്കണക്കിനു യാഗങ്ങളെ ഊഹിച്ചു നോക്കുക! ആ യാഗങ്ങളൊന്നും അവരെ സഹായിച്ചില്ല; അവരെല്ലാം നിരാശരായി. ദൈവം പറഞ്ഞു, ''നിങ്ങൾ പുറകോട്ടു മാറുക, ഞാൻ ചെയ്യാൻ പോകുന്നതു നിങ്ങളെ കാണിച്ചു തരാം. ആരാണ് യഥാർത്ഥ യഹോവ എന്നു നിങ്ങൾ അറിയും!''

ആഹാബ് ചോദിക്കുന്നു, ''ആരാൽ?'' (വാക്യം 14). ''ആരെക്കൊണ്ടാണ് നീ ഞങ്ങളെ വിടുവിക്കുന്നത്?'' ആഹാബ് അതിശയിക്കുകയായിരുന്നു, ''നീ പൗര സേനയെ അയക്കുമോ? അതോ മിന്നുന്ന വാളുകളുമായി നീ നിന്റെ ദൂതന്മാരെ അയക്കുമോ? ഞങ്ങളുടെ നഗരത്തെ ചുറ്റി വളഞ്ഞ ഈ പ്രബലമായ സൈന്യത്തെ കീഴ്പ്പെടുത്തുവാൻ പ്രാപ്തരായ എന്തു ശക്തിയെയാണ് അയക്കുക?''

പ്രവാചകൻ യഹോവയുടെ മറുപടി നൽകി: ''ദേശാധിപതികളുടെ ബാല്യക്കാരെ കൊണ്ട്'' (വാക്യം 14). അവർ ഒരുപക്ഷെ യിസ്രായേലിലെ ദേശാധിപതികളുടെ ആജ്ഞക്കായി കാത്തിരുന്ന യുവാക്കൾ ആയിരുന്നേക്കാം-യുദ്ധവീര്യം തെളിയിച്ചവരായിരുന്നില്ല അവർ, പിന്നെയോ വീടുകളിലെ ഭൃത്യന്മാരാ

യിരുന്നു അവർ. അടുത്ത വാക്യത്തിൽ ആ ബാല്യക്കാരുടെ സംഖ്യ 232 എന്നു പറയുന്നുണ്ട്. ഒരു വലിയ വിജയത്തിന് വലിയ ഒരു സൈന്യം വേണമെന്നില്ല. ദൈവം ഗിദെയോനോട് ഊന്നി പറഞ്ഞതുപോലെ ആഹാബിനോടും പറഞ്ഞു, യുദ്ധം ജയിക്കുന്നത് മനുഷ്യരുടെ മികവുകൊണ്ടല്ല, പിന്നെയോ ദൈവത്തിന്റെ ശക്തി നിമിത്തമാണ് (ന്യായാധിപന്മാർ 7:2; 1 കൊരിന്ത്യർ 1:27, 29).

പിന്നെ ആഹാബ് ചോദിച്ചു, ''ആരാണ് യുദ്ധം തുടങ്ങുന്നത്?'' (വാക്യം 14). ''ആർ മുന്നിട്ടിറങ്ങും?'' ആഹാബിനെ അതിശയിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ വക്താവ് പറഞ്ഞു, ''നീ തന്നെ'' (വാക്യം 14)!

7,000 പേരുടെ ഒരു ചെറിയ സംഘമായിരുന്നു 232 പേരെ യുദ്ധത്തിന് അനുഗമിക്കേണ്ടിയിരുന്നത് (വാക്യം 15), അവരായിരുന്നോ ബാലിനു മുട്ടു കുത്താതിരുന്ന 7,000 പേർ (1 രാജാക്കന്മാർ 19:18)? എന്നു നമുക്ക് അറിയില്ല.

എല്ലാം തയ്യാറായപ്പോൾ, ബാല്യക്കാരായിരുന്ന 232 പേർ ശമര്യ പട്ടണത്തിൽ നിന്നു പോയി. അവർ പടയാളികളെ പോലെ തോന്നിയിരുന്നില്ല.

> അവർ ഉച്ച സമയത്ത് [ഉന്മേഷത്തിനും വിശ്രമത്തിനുമുള്ള സമയം][10] പുറപ്പെട്ടു. എന്നാൽ ബെൻഹദദ് തനിക്കു തുണയായിരുന്ന മുപ്പത്തി-രണ്ട് രാജാക്കന്മാരോടുകൂടെ മണിപ്പന്തലിൽകുടിച്ചു മത്തനായിരുന്നു.[11] ദേശാധിപതികളുടെ ബാല്യക്കാർ ആദ്യം പുറപ്പെട്ടു. ബെൻഹദദ് ആളു വിട്ട് അന്വേഷിച്ചാറെ, ശമര്യയിൽനിന്നു ആളുകൾ വരുന്നുണ്ടെന്ന് അറിവു കിട്ടി (വാക്യങ്ങൾ 16, 17).

അവരുടെ പാളയത്തിലേക്ക് ഒരു ചെറുകൂട്ടം ആളുകൾ വരുന്നുണ്ടെന്ന് ബെൻഹദദിനു അറിവു കിട്ടി. ''ബെൻഹദദ് ആളയച്ചു അന്വേഷിച്ചു'' (വാക്യം 17; ആർഎസ്വി). അന്വേഷകർ ഈ വിവരവുമായി മടങ്ങി വന്നു: ''ശമര്യയിൽ നിന്നും ആളുകൾ വന്നുകൊണ്ടിരിക്കുന്നു'' (വാക്യം 17). മത്തനായിരുന്ന ബെൻഹദദ് കൽപിച്ചു, ''അവർ സമാധാനത്തിനായി വരുന്നുവെങ്കിൽ, അവരെ ജീവനോടെ പിടിക്കുക; അവർ യുദ്ധത്തിനായി വരുന്നുവെങ്കിലും, അവരെ ജീവനോടെ പിടിക്കുക'' (വാക്യം 18).

അവരെ ജീവനോടെ പിടിക്കണമെന്ന് ബെൻഹദദ് ആഗ്രഹിക്കുവാൻ കാരണമെന്താണ്? ഒരുപക്ഷെ അവരെ വിചാരണ ചെയ്തു ഉപദ്രവിക്കുന്നത് അവന് നേരിട്ട് കാണുവാനായിരുന്നേക്കാം. കാരണങ്ങൾ എന്തായിരുന്നാലും, അവന്റെ കൽപനകൾ വിഡ്ഢിത്തവും അപരിഷ്കൃതവുമായിരുന്നു. സമാധാന ദൗത്യവുമായി വരുന്നവരെ പിടിച്ചെടുക്കുന്നത് അപരിഷ്കൃതമാണ് കാരണം അവർ രഹസ്യ സന്ദേശവാഹകരാണ്. യുദ്ധത്തിന് വന്നവരെ ജീവനോടെ പിടിക്കുന്നതുകൊണ്ടാണ് അതു വിഡ്ഢിത്തമാകുന്നത്. ബെൻഹദദ് തന്റെ പടയാളികൾക്ക് അസാധ്യമായ ദൗത്യം കൊടുത്ത് ദുഃഖിതരാക്കി. ഒരിക്കൽ ഒരു കൽപന പുറപ്പെടുവിച്ചുകഴിഞ്ഞാൽ മരണഭയത്താൽ അതിനെ ലംഘിക്കുവാൻ ആരും ധൈര്യപ്പെടുകയില്ല. അവർ എങ്ങനെ ആ ബാല്യക്കാരെ ജീവനോടെ പിടിച്ചെടുക്കും? അവർ മരിച്ചുപോയാലോ എന്ന ഭയത്താൽ അവരെ അമ്പെയ്യുവാൻ സാധ്യമല്ല. അവരുടെ കുന്തങ്ങൾ എറിയുവാനോ, വാൾ വീശുവാനോ, കത്തികൾ ഉപയോഗിക്കുവാനോ കഴിഞ്ഞില്ല. മരിച്ചുപോയാലോ എന്ന ഭയത്താൽ ദണ്ഡിപ്പിക്കുവാനും കഴിഞ്ഞില്ല. ആ ബാല്യക്കാരുടെ അടികളെ തടുത്ത് വലിയ ഒരു സംഘത്താൽ അവരെ വളഞ്ഞു പിടി

ക്കുക മാത്രമാണ് അവർക്ക് തിരഞ്ഞെടുക്കുവാനുള്ളത്. (എന്റെ ശത്രു എന്നെ ഉപദ്രവിക്കാതിരുന്നാൽ ഞാൻ അതിശയിച്ചു പോയേക്കാം!)

അതിന്റെ ഫലത്തെ കുറിച്ച് വാക്യം 20 പറയുന്നു: ''അവർ [യിസ്രായേൽ] ഓരോരുത്തൻ താന്താന്റെ നേരെ വരുന്നവനെ കൊന്നു''[12] 7,000 പടയാളികൾ അവരുടെ പുറകിൽ യുദ്ധം ചെയ്തുകൊണ്ടിരുന്നു (വാക്യം 19). ഒരു അപ ജയം ആയിരുന്നു: ''അരാമ്യർ ഓടിപ്പോയി. യിസ്രായേൽ അവരെ പിന്തുടർന്നു; അരാം രാജാവായ ബെൻഹദദ് കുതിരപ്പുറത്തു കയറി കുതിരച്ചേവകരോടു കൂടെ ചാടിപ്പോയി''[13] (വാക്യം 20).

ഈ സമയത്തെല്ലാം ആഹാബ് എവിടെയായിരുന്നു? നഗരത്തിലെ സുര ക്ഷിത താവളത്തിലായിരുന്നു! ഇപ്പോൾ അവൻ പുറത്തു കടന്നു തുടച്ചു - മാറ്റൽ പ്രക്രിയക്ക് കളമൊരുക്കി! ''പിന്നെ യിസ്രായേൽ രാജാവ് പുറപ്പെട്ട് കുതിരകളെയും രഥങ്ങളെയും പിടിച്ചു അരാമ്യരെ കഠിനമായി തോൽപി ച്ചുകളഞ്ഞു'' (വാക്യം 21).

ദൈവം പറഞ്ഞതുപോലെ തന്നെ സംഭവിച്ചു! സ്ഥിതി പരിതാപകരമെന്നു തോന്നിയെങ്കിലും, അവർ തങ്ങളുടെ ശത്രുക്കളിൽനിന്നു യഹോവയുടെ കയ്യാൽ അത്ഭുതകരമായി അന്നു തന്നെ വിടുവിക്കപ്പെട്ടു - അത് 232 ബാല്യ ക്കാരെ വെച്ചുകൊണ്ടായിരുന്നു! ''ആഹാബ് ശമര്യയിലേക്ക് മടങ്ങിവന്നു, യഹോവ തന്നെയായിരുന്നു യഥാർത്ഥ ദൈവം എന്നു പ്രഖ്യാപിച്ചു ഒരു ദേശിയ അനുതാപത്തിന് ആഹ്വാനം ചെയ്യും'' എന്നു നാം പ്രതീക്ഷിച്ചിരിക്കാം. ഖേദമെന്നു പറയട്ടെ. അങ്ങനെ ഉണ്ടായില്ല. ആ വിജയം ആഹാബിന്റെ ഹൃദ യത്തിൽ ഒരു ചലനവുമുണ്ടാക്കിയില്ല.

ഒരവസരം നഷ്ടപ്പെടുത്തി. രണ്ട് മാത്രം അവശേഷിച്ചു.

## ആഹാബിന്റെ രണ്ടാമത്തെ അവസരം
## (20:22-30)

അവിശ്വസനീയമായ വിജയം യിസ്രായേൽ ആഘോഷിക്കുമ്പോൾ പോ ലും, അടുത്ത വർഷം അരാമ്യർ മടങ്ങിവരും എന്നു പ്രവാചകൻ[14] മുന്നറിയി ക്കയുണ്ടായി (വാക്യം 22). ''ഒരുങ്ങിയിരിക്കുക''[15] എന്നതായിരുന്നു അവന്റെ ഉപദേശം.

തീർച്ചയായും, അടുത്ത പ്രാവശ്യം എങ്ങനെ യിസ്രായേലിനെ പരാജയ പ്പെടുത്താമെന്ന് ബെൻഹദദും അവന്റെ ഉപദേഷ്ടാക്കളും ചർച്ച ചെയ്തു തുടങ്ങിയിരുന്നു.

> അരാം രാജാവിനോട് അവന്റെ ഭൃത്യന്മാർ പറഞ്ഞത്, ''അവരുടെ ദേവ ന്മാർ പർവ്വതദേവന്മാരാകുന്നു അതുകൊണ്ടത്രെ അവർ നമ്മെ തോൽപി ച്ചത്. സമഭൂമിയിൽ വെച്ച് അവരോടു യുദ്ധം ചെയ്താൽ നാം അവരെ തോൽപിക്കും ... പിന്നെ നിനക്കു നഷ്ടമായ്പോയ സൈന്യത്തിനു സമ മായോരു സൈന്യത്തെയും, കുതിരപ്പടക്കു സമമായ കുതിരപ്പടയെയും, രഥങ്ങൾക്കു സമമായ രഥങ്ങളെയും ഒരുക്കിക്കൊൾക. എന്നിട്ട് സമഭൂ മിയിൽ വെച്ചു നാം അവരോട് യുദ്ധം ചെയ്ക. നാം അവരെ തോൽപി ക്കും നിശ്ചയം.'' അവൻ അവരുടെ വാക്കു കേട്ടു അങ്ങനെ തന്നെ ചെ യ്തു (വാക്യങ്ങൾ 23, 25).[16]

‘‘നാം അവരെ തോൽപിക്കും എന്നതിനു യാതൊരു സംശയവുമില്ല,’’ എന്നാണ് ബെൻഹദദിന്റെ ഉപദേഷ്ടാക്കൾ പറഞ്ഞതു (വാക്യം 25).

ആ ഉപദേശത്തിനു വേദശാസ്ത്രപരമായ കാരണം പറഞ്ഞിരിക്കുന്നു, അതു പ്രായോഗികമാണെന്നു തോന്നുന്നു. പുറജാതിക്കാരുടെ ദേവന്മാരെ പ്രാദേശികദേവന്മാരായിട്ടാണ് കണക്കാക്കിയിരുന്നത്. യിസ്രായേലിന്റെ തലസ്ഥാനമായ ശമര്യ പണിതിരുന്നത് കുന്നിന്റെ മുകളിലായിരുന്നു; അരാമിന്റെ തലസ്ഥാനമായ ദമസ്ക്കൊസ് പണിതിരുന്നത് സമതലത്തിലായിരുന്നു. യിസ്രായേലിന്റേത് പർവ്വതദേവന്മാരെന്നും തങ്ങളുടേത് സമതലദേവന്മാരെന്നും ചിന്തിക്കുന്നത് അരാമ്യരെ സംബന്ധിച്ച് സ്വാഭാവികമായിരുന്നു. ഉപദേഷ്ടാക്കന്മാരുടെ നിർദ്ദേശങ്ങൾക്ക് ഒരുപക്ഷെ പ്രായോഗികമായ കാരണം ഉണ്ടായിരുന്നേക്കാം: അരാമ്യരുടെ രഥങ്ങൾ, പ്രധാനപ്പെട്ട യുദ്ധോപകരണശാല എന്നിവ സമതലത്തിൽ ഉപയോഗിക്കുന്ന വിധത്തിൽ ഉണ്ടാക്കപ്പെട്ടവയാണ്. എന്നാൽ യിസ്രായേൽ തങ്ങളുടേതെല്ലാം ഗറില്ലാ – രീതിയിൽ പരുപരുത്ത കുന്നിൻ പ്രദേശങ്ങളിൽ ഉപയോഗിക്കുന്ന വിധത്തിലാണ് ഉണ്ടാക്കിയിരുന്നത്, അതിനാൽ അവക്ക് സമതലപ്രദേശങ്ങളിൽ ബുദ്ധിമുട്ടായിരിക്കും.

ഒരു വർഷം കഴിഞ്ഞ്, ബെൻഹദദ് വീണ്ടും തന്റെ സൈന്യവുമായി യിസ്രായേലിലേക്ക് വന്നു. തുറസായ, സമതലപ്രദേശത്ത് വന്നപ്പോൾ അവന്റെ സൈന്യം നിന്നു (വാക്യം 26).[17] ആഹാബ് ഉടനെ തന്റെ സൈന്യത്തെ ഒരുക്കി അരാമ്യസൈന്യത്തെ നേരിടുവാൻ ഒരുങ്ങി; ‘‘യിസ്രായേല്യർ ആട്ടിൻ കുട്ടികളുടെ രണ്ടു ചെറിയകൂട്ടം പോലെ അവരുടെ നേരെ പാളയം ഇറങ്ങി; അരാമ്യരോ ദേശത്ത് നിറഞ്ഞിരുന്നു’’ (വാക്യം 27). അതു കാണുമ്പോൾ വിജയിക്കുവാൻ–സാധ്യമല്ലാത്ത സാഹചര്യമാണ് നമുക്ക് തോന്നുന്നത്. ഒരിക്കൽകൂടെ ദൈവം ഇടപെട്ടു.

> ഒരു ദൈവപുരുഷൻ[18] അടുത്ത് വന്നു യിസ്രായേൽ രാജാവിനോട്, യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, ‘‘യഹോവ പർവ്വതദേവനാകുന്നു, താഴ്വരദേവനല്ല’’ എന്നു ‘‘അരാമ്യർ പറകകൊണ്ട്, ‘ഈ മഹാസംഘത്തെ ഒക്കെയും നിന്റെ കയ്യിൽ ഏൽപിക്കും, ഞാൻ യഹോവ തന്നെ എന്നു നിങ്ങൾ അറിയും എന്നു പറഞ്ഞു’ ’’ (വാക്യം 28).

തന്റെ ജനത്തിന്റെ സംരക്ഷണത്തെ കുറിച്ചു മാത്രമല്ല ദൈവം കരുതിയിരുന്നത്; തന്റെ *ആദരവും* നിലനിർത്തുവാൻ ശ്രമിച്ചിരുന്നു. അരാമ്യർ അവനെ ദേശിയ ദേവനെന്നു കുറപ്പെടുത്തിയിരുന്നു. തന്റെ ശക്തിയാൽ അവൻ സത്യദൈവമാണെന്നു മാത്രമല്ല, പ്രപഞ്ചത്തിന്റെ മുഴുവൻ ദൈവമാണെന്ന് തെളിയിക്കും! താൻ സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവമാണെന്ന് കാണിച്ച് തന്നെ അംഗീകരിക്കുവാൻ, ദൈവം ആഹാബിന് രണ്ടാമത് ഒരവസരം കൂടെ കൊടുത്തു.

യുദ്ധത്തിലെ സൈന്യങ്ങളുടെ എണ്ണം ഇവിടെ പറഞ്ഞിരിക്കുന്നത്, യുദ്ധം ജയിച്ചതു സൈന്യത്താലല്ല, ദൈവശക്തിയാലാണെന്ന് മനസിലാക്കുവാൻ ഊന്നി പറഞ്ഞിരിക്കുന്നതാണ്. ‘‘വേഗതയുള്ളവർ ഓട്ടത്തിലും, വീരന്മാർ യുദ്ധത്തിലും നേടുന്നില്ല’’ (സഭാപ്രസംഗി 9:11). മറിച്ച്, ‘‘യുദ്ധം യഹോവക്കുള്ളത്’’ (1 ശമുവേൽ 17:47). സങ്കീർത്തനങ്ങൾ 24:8 ലെ സത്യം പ്രദർശിപ്പിച്ചിരിക്കുന്നു: ‘‘യഹോവ ശക്തിയും ബലവുമുള്ളവൻ, യഹോവ യുദ്ധത്തിൽ

ശക്തിയുള്ളവൻ.''

അരാമ്യർക്കെതിരായ യിസ്രായേലിന്റെ വലിയ വിജയത്തെ അദ്ധ്യായം 20-ൽ അടുത്ത കുറെ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. ഒരു ചെറു സംഘം യിസ്രായേല്യർ അരാമ്യരുടെ, 100,000 കാലാളുകളെ ഒരു ദിവസം കൊന്നു (വാക്യം 29). അരാമ്യരിൽ ശേഷിച്ചവർ അടുത്ത നഗരത്തിലേക്ക് പലായനം ചെയ്തു; നഗരമതിൽ വീണ് 27,000 പേരിൽ പലരും മുറിവേൽക്കുകയും,[19] മരിക്കുകയും ചെയ്തു. പിടിച്ചടക്കിയ നഗരത്തിലെ ഒരു ചെറിയ മുറിയിൽ ബെൻഹദദ് വിറച്ചുകൊണ്ട് അവസാനിച്ചു (വാക്യം 30). ശത്രുക്കളെ ദൈവം ആഹാബിന്റെ കയ്യിൽ ഏൽപിച്ചുകൊടുത്തു!

ദൈവകരത്താൽ മറ്റൊരു വിജയം കൂടെ കൊണ്ടുവന്നു! വീണ്ടും നാം പ്രതീക്ഷിച്ചേക്കാം, ''അരാമ്യർക്കെതിരെ അസാധ്യമായ ആ രണ്ടു വലിയ വിജയവും നേടിത്തന്നതിനാൽ യഹോവ തന്നെ സത്യദൈവം എന്നു അവൻ സമ്മതിക്കും.'' എന്നാൽ, അങ്ങനെയൊന്നും സംഭവിച്ചില്ല.

എത്ര വിസ്മയകരമായി ദൈവം മനുഷ്യരിൽ പ്രവർത്തിച്ചാൽ പോലും, അവർ ദൈവത്തെ കണ്ടില്ലെന്നു നടിക്കുന്നത് വാസ്തവമല്ലേ? രണ്ടാമത്തെ അവസരവും കഴിഞ്ഞു. ഇനി ഒന്നു കൂടെ അവശേഷിക്കുന്നു.

### ആഹാബിന്റെ അവസാന അവസരം (20:30-43)

ദൈവം അത്ര കരുണാസമ്പന്നനാണ്! അവൻ ആഹാബിന് ഒരവസരം കൂടെ കൊടുത്തു.

ബെൻഹദദ് തന്റെ ഒളിത്താവളത്തിൽ ഒളിച്ചിരുന്നപ്പോൾ, അവന്റെ ഉപദേഷ്ടാക്കന്മാർ ഒരു തന്ത്രം പറഞ്ഞുകൊടുത്തു:

> ''അവന്റെ ഭൃത്യന്മാർ അവനോട്, യിസ്രായേൽഗൃഹത്തിലെ രാജാക്കന്മാർ ദയയുള്ള രാജാക്കന്മാർ എന്നു ഞങ്ങൾ കേട്ടിട്ടുണ്ട്. ഞങ്ങൾ അരെക്കു രട്ടും തലയിൽ കയറും കെട്ടി യിസ്രായേൽ രാജാവിന്റെ അടുക്കൽ ചെല്ലട്ടെ; പക്ഷെ അവൻ നിന്നെ ജീവനോടെ രക്ഷിക്കും എന്നു പറഞ്ഞു'' (വാക്യം 31).

രട്ടുടുക്കുന്നത് ദുഃഖത്തെയും അനുതാപത്തെയുമാണ് കാണിക്കുന്നത്, എന്നാൽ തലയിൽ കയർ കെട്ടുന്നതു സംബന്ധിച്ച് നമുക്ക് ഊഹിക്കുവാനേ കഴിയു. ആഹാബിന്റെ അടുക്കലേക്ക് അവർ പോകുവാൻ പദ്ധതി ഇട്ടത് ഒരുപക്ഷെ കഴുത്തിൽ[20] ഊരാക്കുടുക്കുമായിട്ടായിരുന്നേക്കാം, ഫലത്തിൽ പറഞ്ഞു, ''ഞങ്ങൾ ഇപ്പോൾ നിന്റെ ദയയിലാണ്. നിന്റെ കയ്യിലിരിക്കുന്ന ഞങ്ങളെ കൊല്ലുകയോ, ജീവനോടെ വിടുകയോ, എന്തു വേണമെങ്കിലും ചെയ്യാം.''

ആഹാബ് എന്തിനാണ് ആ ഭൃത്യന്മാരുടെ വാക്ക് ഇപ്പോൾ കേട്ടത് എന്ന് തീർച്ചയില്ല. ''സമതലത്തിൽ യുദ്ധം ചെയ്താൽ നാം ജയിക്കും'' എന്നു ഉപദേശിച്ച അതേ ഉപദേഷ്ടാക്കന്മാർ തന്നെയായിരിക്കാം ഈ ഉപദേശവും നൽകിയത്! എന്നിട്ടും അവൻ അവരുടെ വാക്ക് കേട്ടു. അവൻ ആദ്യം രട്ടുടുത്ത് തലയിൽ കയർകെട്ടിയ ഭൃത്യന്മാരെ ആഹാബിന്റെ അടുക്കലേക്ക് അയച്ചു. അവർ ചെന്ന് രാജാവിനോട് പറഞ്ഞു, ബെൻഹദദ് പറയുന്നു, ''എന്റെ ജീവനെ രക്ഷിക്കേണമെ'' (വാക്യം 32). ''ഞാൻ നിന്നെ പൊടിയാക്കി മാന്തും'' എന്നു പറഞ്ഞ അതേ രാജാവിന്റെ ശബ്ദം ഇപ്പോൾ ''എന്റെ ജീവനെ രക്ഷിക്കേണമേ''

എന്നുപറയത്തക്കവണ്ണം എന്തൊരു മാന്ദ്യമാണ് അവനുണ്ടായത്!

കൊല്ലപ്പെട്ടവരിൽ ബെൻഹദദ് ഉൾപ്പെട്ടിരുന്നില്ല എന്നു ആഹാബ് കേട്ടപ്പോൾ അവനു അതിശയമായി. അവൻ ചോദിച്ചു, ''അവൻ ജീവനോടെ ഇരിക്കുന്നുവോ?'' (വാക്യം 32). പിന്നെ ഈ അതിശയകരമായ വാക്ക് യിസ്രായേൽ രാജാവിൽനിന്നു പുറപ്പെട്ടു: ''അവൻ എന്റെ സഹോദരൻ തന്നേ'' (വാക്യം 32). യിസ്രായേലിനെ ഏറ്റവും വെറുത്ത മനുഷ്യൻ, യിസ്രായേലിന്റെ തലസ്ഥാനത്തെ ധൂളിയാക്കി നശിപ്പിക്കുവാൻ മടങ്ങി പോയവനായിരുന്നു-എന്നിട്ടും ആഹാബ് അവനെ ''എന്റെ സഹോദരൻ!'' എന്നാണ് വിളിച്ചത്.

ബെൻഹദദിനെ ആഹാബ് എന്തുകൊണ്ടാണ് തന്റെ സഹോദരൻ എന്നു വിളിച്ചതെന്നു നമുക്ക് അറിയില്ല. വാക്യം 34 സൂചിപ്പിക്കുന്നത്, ആഹാബിന്റെ അപ്പനും ബെൻഹദദിന്റെ അപ്പനും തമ്മിൽ വർഷങ്ങൾക്ക് മുൻപ് ഒരു ഉടമ്പടി ചെയ്തിരുന്നു, അതായിരിക്കാം ആഹാബ് ഇവിടെ ഉദ്ദേശിച്ചത്. ബെൻഹദദ് കാര്യമായ പരാജയം ഏറ്റു വാങ്ങിയെങ്കിലും, ഒരുപക്ഷെ അത് ബെൻഹദദിന്റെ നല്ല മനസിനെ സ്വാധീനിക്കുവാനായിരുന്നേക്കാം. തന്റെ സ്വാർത്ഥലാഭത്തിനായി അവൻ ഒരു നാടകീയരംഗം സൃഷ്ടിക്കുകയായിരുന്നു എന്നാണ് എന്റെ ഒരു സ്നേഹിതൻ വിചാരിക്കുന്നത്.[21] അതിനുള്ള ആഹാബിന്റെ കാരണം എന്തായാലും, അവന്റെ പ്രസ്താവന സാമ്പത്തികമായും ആത്മിയമായും മൗഢ്യമായിരുന്നു. ബർട്ടൻ കോഫ്മാൻ പറയുന്നു: ''നശിപ്പിക്കുവാനുള്ള വിജയിയുടെ അവകാശത്തിൽനിന്നു ആഹാബ് തന്നെത്തന്നെ പുറത്തുകൊണ്ടുവരികയാണ്; പ്രവാചകൻ ഉടനെ അവൻ തന്നെത്തന്നെ ആണ് 'സഹോദരനാക്കി' അപകടം വരുത്തിയതെന്നു മുന്നറിയിക്കും.''[22]

ആ സഹിഷ്ണുതാ ദിനത്തിൽ, ആഹാബിന്റെ പ്രസ്താവന അഭിനന്ദിക്കത്തക്കതാണെന്നു തോന്നിയേക്കാം, എന്നാൽ ദൈവജനത്തെ മുഴുവൻ നശിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു മനുഷ്യനെ ''സഹോദരനായി'' കണക്കാക്കുന്നത് എത്ര മൗഢ്യമാണ്.

''സഹോദരൻ'' എന്ന വാക്ക് ബെൻഹദദിന്റെ ഭൃത്യന്മാർക്ക് പഥ്യമായി തോന്നി, അവർ അതിൽ പിടിച്ചു കയറി. അതെ ''നിന്റെ സഹോദരൻ ബെൻഹദദ്'' തന്നെ എന്നു പറഞ്ഞു (വാക്യം 33). ബെൻഹദദിനെ കൊണ്ടുവരുവാൻ ആഹാബ് ഒരു രഥം അയച്ചു (വാക്യം 33), അതു ആനുകൂല്യവും ഉയർന്ന ആദരവുമാണ് കാണിക്കുന്നത്. ആഹാബ് ആ മനുഷ്യനെ സ്വീകരിപ്പാനായി പോയി. ആ യുദ്ധത്തിൽ ആഹാബല്ല, ബെൻഹദദാണ് ജയിച്ചതു എന്നു തോന്നിപ്പിക്കുന്നു.

എങ്ങനെയും,[23] യിസ്രായേലിന്റേതായിരുന്ന പല നഗരങ്ങളും, ദമ്മേശെക്കിലെ ഒരു ചെറിയ നഗരവും ആഹാബിനു നൽകാമെന്ന അർത്ഥശൂന്യമായ വാഗ്ദാനമായിരുന്നു ബെൻഹദദ് ആഹാബിനു നൽകിയത്[24] (വാക്യം 34). അത് ഒരു കീഴടങ്ങൽ ഉടമ്പടിയായിരുന്നില്ല, മറിച്ച് ഒരു വ്യാപാര കരാർ മാത്രമായിരുന്നു!

സ്പഷ്ടമായും, ബെൻഹദദ് എറിഞ്ഞുകൊടുത്ത ചെറിയ കഷണങ്ങളിൽ ആഹാബ് സംതൃപ്തനായി. അരാം രാജാവിന്റെ ഉടമ്പടി അവൻ അംഗീകരിച്ച് അവനെ വീട്ടിലേക്ക് പോകുവാൻ അനുവദിച്ചു (വാക്യം 34). ആയിരക്കണക്കിനു ഭ്രാന്തൻ നായ്ക്കളെ കൊന്നൊടുക്കിയ ആഹാബ്, അവരുടെ നായകനെ വീണ്ടും വേട്ടയാടി കൊല്ലുവാൻ സ്വതന്ത്രനായി വിട്ടയക്കുകയായിരുന്നു![25]

ഇവിടെ ആഹാബ് കാണിച്ചത് നല്ലൊരു വെളിച്ചമായിരുന്നു എന്നാണ്

ചിലർ കരുതുന്നത്. അവർ ഈ ഭാഗത്തെ പലപ്പോഴും ഉദ്ധരിച്ചിട്ടുണ്ട്. അതു ആഹാബിനു ലഭിച്ച അവസാന അവസരമായിരുന്നു എന്നും അത് അവൻ ശരിയായി ഉപയോഗിക്കുന്നതിൽ പരാജയപ്പെടുകയായിരുന്നു എന്നും വാക്യം 42 പറയുന്നു. ആ സംഭവത്തിൽ ആഹാബ് ചെയ്ത തെറ്റ് എന്താണെന്നു നോക്കുക:

ഒന്നാമത്, ദൈവേഷ്ടം എന്തെന്ന് അറിയുവാൻ അവൻ ദൈവത്തിന്റെ അടുക്കൽ പോയില്ല. അത് അവന്റെ യുദ്ധമായിരുന്നില്ല, മറിച്ച് യഹോവയുടെ യുദ്ധമായിരുന്നു. ആഹാബും അവന്റെ സംഘവുമായിരുന്നില്ല ജയിച്ചത്, പക്ഷെ ജയിച്ചത് യഹോവയുടെ ശക്തിയാലായിരുന്നു. ആഹാബ് ഉടനീളം ഒരു ഭീരുവായിരുന്നു; വിജയത്തിന് അവന്റെ സംഭാവന ഒന്നുമില്ലായിരുന്നു. അവസാനം ദൈവം എന്താണ് തീർച്ചയാക്കിയതെന്ന് അവനു ദൈവത്തോട് ആലോചന ചോദിക്കാമായിരുന്നു (1 രാജാക്കന്മാർ 22:5, 8).

രണ്ടാമത്, അവൻ കഴിഞ്ഞ സംഭവങ്ങളിൽനിന്നു ഒന്നും പഠിച്ചില്ല. യിസ്രായേലിന്റെ ശത്രുക്കളെ നശിപ്പിക്കുവാൻ ദൈവം ഭരണാധികാരിയോട് പറയുന്നത് അസാധാരണമായതായിരുന്നില്ല. ആഗാഗിനെ നശിപ്പിക്കുവാൻ ശൗൽ രാജാവിനോട് കൽപിച്ചിരുന്നു (1 ശമുവേൽ 15). എന്നാൽ തന്റെ സ്വന്തം ആവശ്യത്തിന്[26] അവൻ ആഗാഗിനെ ജീവനോടെ ശേഷിപ്പിക്കുകയും, അതിന്റെ അനന്തരഫലം അവൻ അനുഭവിക്കുകയും ചെയ്തു. ആഹാബ് ശൗലിന്റെ കാൽപാടുകളെയാണ് പിൻപറ്റിയത്.[27]

മൂന്നാമത്, അവൻ യിസ്രായേലിന്റെ ശത്രുക്കളുമായി ഒരു സഖ്യമുണ്ടാക്കി. വിദേശികളുമായി സഖ്യമുണ്ടാക്കരുത് എന്ന ദൈവകൽപനയെ അവൻ ലംഘിച്ചു.

നാലാമത്, അവൻ മറ്റുള്ളവരുടെ ചെലവിൽ ഔദാര്യമുള്ളവനായി. ദൈവജനത്തിന്റെ ശത്രുക്കളായവരെ അവൻ വെറുതെ വിട്ടു–ദൈവജനത്തെ വീണ്ടും ഉപദ്രവിക്കുവാനും നശിപ്പിക്കുവാനുമായി വിട്ടുകളഞ്ഞു. വീണ്ടും ഞാൻ 2 രാജാക്കന്മാർ 6 ഉം ബെൻഹദദ് വീണ്ടും ശമര്യക്കെതിരായി ഉപരോധം ഏർപ്പെടുത്തിയതിന്റെ ഫലമായി യിസ്രായേൽ ദുരിതം അനുഭവിക്കുവാനിടയായതും ഓർപ്പിക്കട്ടെ (വാക്യങ്ങൾ 24–31). ബെൻഹദദിനെ ഒതുക്കുവാൻ ദൈവം ആഹാബിന്റെ കയ്യിൽ ഏൽപിച്ചു, പക്ഷെ ആഹാബ് അവനെ ''സഹോദരൻ'' എന്നു വിളിച്ചു വെറുതെ വിട്ടുകളഞ്ഞു.

ആഹാബിനു ദൈവം മൂന്നാമത്തെയും – അവസാനത്തെയുമായ – അവസരം കൊടുത്തു. ദൈവം പിന്നെ അവനു അവസരം കൊടുക്കുകയില്ല.

അധികം താമസിക്കാതെ, മറ്റൊരു പ്രവാചകൻ[28] രംഗപ്രവേശനം ചെയ്യുന്നു. ദൈവനിർദ്ദേശപ്രകാരം പ്രവാചകൻ വഴിയരികിൽ ആഹാബിനെ കാത്തുനിന്നു. രാജാവിന് പ്രവാചകനെ കണ്ടാൽ അറിയാം (വാക്യം 41). അതുകൊണ്ട് പ്രവാചകൻ വേഷം മാറി യുദ്ധത്തിൽ മുറിവേറ്റതുപോലെ,[29] കണ്ണും മൂടിയാണ് ഇരുന്നത്.[30] ആഹാബ് കടന്നുപോയപ്പോൾ, പ്രവാചകൻ നിലവിളിച്ചു പറഞ്ഞു:

> ''അടിയൻ പടയുടെ നടുവിൽ ചെന്നിരുന്നു. അപ്പോൾ ഇതാ ഒരുത്തൻ തിരിഞ്ഞു എന്റെ അടുക്കൽ ഒരാളെ കൊണ്ടുവന്നു ഇവനെ സൂക്ഷിക്കേണം; ഇവനെ കാണാതെ പോയാൽ നിന്റെ ജീവൻ ഇവന്റെ ജീവനു പകരം ഇരിക്കും; അല്ലെങ്കിൽ നീ ഒരു താലന്തു വെള്ളി തൂക്കി തരേണ്ടി വരും എന്നു പറഞ്ഞു. എന്നാൽ അടിയൻ അങ്ങുമിങ്ങും ബദ്ധപ്പാടായി

രിക്കുമ്പോൾ, അവനെ കാണാതെ പോയി'' (വാക്യങ്ങൾ 39, 40).

ആഹാബ് അത് അറിഞ്ഞിരുന്നില്ല, എന്നാൽ ദാവീദ് രാജാവിനോട്[31] നാഥാൻ പറഞ്ഞതുപോലെയുള്ള ഒരു നാടകിയമായ ഉപമയായിരുന്നു പ്രവാചകൻ അവനോട് പറഞ്ഞത്. നാഥാൻ പറഞ്ഞ സംഭവത്തിലെ ഓമനയായി വളർത്തിയ ആടിനെ കൊന്നു എന്നു പറഞ്ഞതുപോലെയായിരുന്നു ദാവീദ് ഊരിയാവിനെ കൊന്ന സംഭവം. 1 രാജാക്കന്മാർ 20 ലെ പ്രവാചകന്റെ ഉപമയായ തടവുകാരൻ നഷ്ടമാകുന്നത്, ആഹാബ് ബെൻഹദദിനോട് ചെയ്തതായിരുന്നു.

രാജാക്കന്മാർ പലപ്പോഴും ന്യായാധിപന്മാരെ പോലെ പെരുമാറണമായിരുന്നു. ആഹാബിനു അത് എളുപ്പമായിരുന്നു എന്നു തോന്നി. കൈ-കുടഞ്ഞ നിലയിലായിരുന്നു അവന്റെ മറുപടി. ''നിന്റെ വിധി അങ്ങനെ തന്നെയായിരിക്കട്ടെ. നീ തന്നെ തീർച്ചയാക്കിയല്ലൊ'' (വാക്യം 40). പ്രവാചകന്റെ സംഭവവിവരണമനുസരിച്ച്, ഒന്നുകിൽ വിട്ടയച്ചവനു പകരമായി അവൻ ഒരു താലന്തു വെള്ളി നൽകുകയോ അല്ലെങ്കിൽ മരിക്കുകയോ വേണമായിരുന്നു. ശരാശരി പടയാളിക്ക് ഒരിക്കലും ഒരു താലന്തു വെള്ളി കൊടുപ്പാൻ കഴിയുകയില്ല(ഏതാണ്ട് എഴുപത്തി-അഞ്ചു പൗണ്ട് വെള്ളി!). ആഹാബിന്റെ വാക്കുകൾ മരണശിക്ഷയാണ് സൂചിപ്പിച്ചത്!

ആഹാബിന് തന്റെ രാജധാനി കാവൽക്കാരനെ അയച്ചു ആ മനുഷ്യനെ തടവിലാക്കാമായിരുന്നു. പ്രവാചകൻ തന്റെ കണ്ണിലെ കെട്ട് അഴിച്ചു മാന്തി. അപ്പോൾ അവൻ പ്രവാചകന്മാരിൽ ഒരുത്തനെന്ന് ആഹാബ് തിരിച്ചറിഞ്ഞു (വാക്യം 41). ആ കടങ്കഥയുടെ അർത്ഥമെന്തായിരുന്നു? പിന്നെ ആഹാബിനു സംശയിച്ചു നിൽക്കുവാൻ സമയമില്ലായിരുന്നു. പ്രവാചകൻ പറഞ്ഞു, ''യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, നാശത്തിനായിട്ട് ഞാൻ നിയമിച്ച ആളെ നീ വിട്ടയച്ചുകളക കൊണ്ട്, 'നിന്റെ ജീവൻ അവന്റെ ജീവനു പകരമായും, നിന്റെ ജനം അവന്റെ ജനത്തിനു പകരമായും ഇരിക്കും എന്നു പറഞ്ഞു' '' (വാക്യം 42).

ആഹാബ് അങ്ങുമിങ്ങും ബദ്ധപ്പെട്ടിരുന്നു എന്നു സൂചിപ്പിക്കുവാൻ കാരണം ദൈവേഷ്ടത്തിൽനിന്നു - തനിക്ക് എന്തു നേടാമെന്നതിനെക്കുറിച്ച് ചിന്തിച്ചായിരുന്നു അവൻ ''അങ്ങിങ്ങായി ബദ്ധപ്പെട്ടിരുന്നത്.'' ''അങ്ങുമിങ്ങും ബദ്ധപ്പെട്ടിരിക്കുക'' - എന്നതു എത്ര ചിന്തോ-ദീപകമായ പ്രയോഗമാണ്! നാം അനവധി കാര്യങ്ങളിൽ ഏർപ്പെട്ടുകൊണ്ട്, വാസ്തവത്തിൽ പ്രാധാന്യമുള്ള കാര്യം വിട്ടുപോകുവാൻ സാധ്യതയില്ലേ? ഒരാൾ ബുദ്ധിയോടെ പറഞ്ഞു, ''ഇന്നത്തെ ഏറ്റവും വലിയ ആത്മിയ രോഗമാണ്, കൂടുതൽ തിരക്കുള്ളവരായിരിക്കുക എന്നത്: ''നാം എപ്പോഴും *തിരക്കിലാണ്.''*

താൻ എന്തു ചെയ്യേണമോ, അതിലായിരുന്നില്ല ആഹാബിന്റെ ചിന്ത എന്നതിനാൽ, അവനു ലഭിച്ച അവസാന അവസരവും അവൻ നഷ്ടമാക്കി. ആ സംഭവം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: ''അതുകൊണ്ട് യിസ്രായേൽ രാജാവ് വ്യസനവും [നീരസവുമുള്ളവനായി] അരമനയിലേക്ക് പുറപ്പെട്ടു ശമര്യയിലെത്തി'' (വാക്യം 43).

**ഉപസംഹാരം**

മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിയുവാൻ ആഹാബിന് അദ്ധ്യായം

20 നു മുമ്പ് തന്നെ ധാരാളം അവസരങ്ങൾ ലഭിച്ചിരുന്നു. അവന് ചില കളിയിൽ ലഭിക്കുന്നതുപോലെ, മൂന്ന് അവസാന അവസരങ്ങൾ ലഭിച്ചിരുന്നു. ഒന്നാമത്തേത്, രണ്ടാമത്തേത്, മൂന്നാമത്തേത്, പിന്നെ ആഹാബ് പുറത്തായി!

നമ്മുടെ ദൈവം കരുണയുള്ളവനാണ്. കരുണയും കൃപയും ഉള്ള ദൈവത്തിനു മാത്രമെ മറ്റൊരവസരം കൂടെ കൊടുക്കുവാൻ കഴിയു. എങ്ങനെയായാലും, ദൈവത്തിന്റെ ക്ഷമ നശിച്ചുപൊകുന്ന ഒരു സമയം വരും.[32] പിന്നെ, വിലയില്ലാത്ത ദാസനെ പുറത്തു തള്ളിക്കളയുന്നതുപോലെ, ''നിങ്ങൾ പുറത്താകം'' (മത്തായി 25:30).

അവൻ ആഹാബിന്റെ ജീവിതത്തിൽ പ്രവർത്തിച്ചതുപോലെ, തീർച്ചയായും അവൻ നമ്മുടെ ജീവിതത്തിലും പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. അതിന്റെയെല്ലാം ഉദ്ദേശം, അവൻ നമ്മുടെ കർത്താവാണ് എന്നു തെളിയിക്കുകയാണ്! ഞാൻ നിങ്ങളോട് അപേക്ഷിക്കട്ടെ: ദൈവത്തിന്റെ കൃപയെ ഒരിക്കലും തള്ളിക്കളയരുത്; അതിനെ നിസാരമായി കാണരുത്. മറിച്ച്, അതിനെ പ്രയോജനപ്പെടുത്തുക.

അനുസരണത്താൽ അവന്റെ അടുക്കലേക്ക് വരുവാൻ ദൈവം നമുക്ക് ധാരാളം അവസരങ്ങൾ നൽകിയിട്ടുണ്ട് – എന്നാൽ ഒരു സമയം വരുമ്പോൾ, അവന്റെ ക്ഷമ നശിക്കും. അവനെ അനുസരിക്കുവാൻ നിങ്ങൾക്ക് എത്ര അവസരം ലഭിച്ചിട്ടുണ്ട്. എത്ര അവസരങ്ങൾ നിങ്ങളെ വിട്ട് കടന്നുപോയിട്ടുണ്ട്? ആ അവസരങ്ങളെയെല്ലാം നിങ്ങൾ അവഗണിച്ചിട്ടുണ്ടെങ്കിൽ, ഇതു നിങ്ങൾക്കുള്ള ''അവസാന അവസരം ആയിരിക്കുകയില്ലേ''?

---

കുറിപ്പുകൾ

[1]പല അരാമ്യ (സിറിയ) രാജാക്കന്മാർക്കും ഉപയോഗിച്ചിരുന്ന ശക്തമായ പേരായിരുന്നു ''ബെൻഹദദ്.'' ചിലർ വിചാരിക്കുന്നത് അത് ബെൻഹദദ് I ആയിരുന്നു എന്നാണ്. [2]ബെൻഹദദിന് കീഴിൽ ഒരുപക്ഷെ ഉപ-ഭരണകർത്താക്കൾ ഉണ്ടായിരുന്നേക്കാം, അവരെയെല്ലാം അരാമ്യ നിയന്ത്രിച്ചിരുന്നു. [3]ഇത് അതേ ബെൻഹദദ് ആയിരുന്നു എന്നാണ് മിക്ക വ്യാഖ്യാതാക്കളും കരുതുന്നത്. [4]ഈ അദ്ധ്യായം ആഹാബിന്റെ നല്ല പ്രകാശത്തെ ആണ് എടുത്തുകാണിക്കുന്നത് എന്നാണ് ചിലർ വിശ്വസിക്കുന്നത്. ഈ ലേഖകന് അത്തരത്തിലുള്ള ''പ്രകാശം'' കാണുവാൻ കഴിയുന്നില്ല. [5]ആഹാബ് അതല്ലായിരിക്കാം അർത്ഥമാക്കിയത് എന്നാണ് പറയപ്പെടുന്നത്, നിബന്ധനകൾ സമ്മതിച്ചത് അവന് അല്പം ''ആശ്വാസം കിട്ടുവാൻ'' ആയിരിക്കാം. താൻ ആഗ്രഹിച്ചതുകൊണ്ടു മാത്രമാണ് ആഹാബ് ബെൻഹദദിനെ വിട്ടയച്ചത് എന്നും പറയുന്നു. അങ്ങനെയാണെങ്കിൽ പോലും, ആ നിബന്ധനകൾ സമ്മതിച്ചതിലൂടെ അവന്റെ സ്വഭാവമാണ് വെളിപ്പെടുത്തിയത്. [6]ബെൻഹദദ് പറഞ്ഞ വാക്കുകൾക്ക് വിവിധ അർത്ഥങ്ങൾക്ക് സാധ്യതയുണ്ട്, എന്നാൽ ഇതാണ് പൊതുവിലുള്ള ആശയം. [7]''അവന്റെ ആയുധം'' എന്നത് തർജിമക്കാർ കൂട്ടിച്ചേർത്തതാണ്, സന്ദർഭം അനുസരിച്ച് അത് ഉചിതമാണെന്ന് തോന്നുന്നു. [8]ആഹാബ് പറഞ്ഞ പഴഞ്ചൊല്ലിനു പകരം മറ്റൊന്നാണ് ലിവിങ്ങ് ബൈബിളിലുള്ളത്. [9]കൂടാരപ്പെരുന്നാൾ ആഘോഷിക്കുവാൻ യെഹൂദന്മാർ താൽക്കാലികമായി ഉണ്ടാക്കിയ ഷെഡ്ഡുകൾക്ക് ഉപയോഗിച്ചിരുന്ന അതേ വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ആ താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചിരുന്നത് കൊമ്പുകളും കുറ്റിക്കാടുകളും ഉപയോഗിച്ചായിരുന്നു. അമേരിക്കയിൽ മുൻപ് അതിനെ ''ബ്രഷ് ആർബേഴ്സ്'' എന്നാണ് വിളിച്ചിരുന്നത്. [10]സാൻ ജസിന്റോ എന്ന

യുദ്ധത്തിൽ, സാൻ ഹൂസ്റ്റൻ ഇതേ തന്ത്രം ഉപയോഗിച്ചിരുന്നതായി 1 രാജാക്കന്മാരെ കുറിച്ചുള്ള *കമെന്ററിയിൽ* പറഞ്ഞിരിക്കുന്നതായി ബർട്ടൻ കോഫ്മാൻ പറഞ്ഞിരിക്കുന്നു (അബിലീൻ, ടെക്സ്.: ഏസിയു പ്രസ്, 1993), 263.

[11]മദ്യപാനത്തിന്റെ അപകടം എന്ന ഒരു പാഠം ഇവിടെയുണ്ട്. [12]അത് 232 പേരെ മാത്രമാണോ ഉദ്ദേശിക്കുന്നത്, അതോ 7,000 പേരെയും ഉൾപ്പെടുത്തിയിരിക്കുകയാണോ എന്നതിനെ കുറിച്ച് ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. [13]അത് ഒരുപക്ഷെ അവന്റെ വ്യക്തിഗത കാവൽ ഭടനായിരിക്കാം. [14]ഇത് ഒരുപക്ഷെ പ്രവാചകൻ വാക്യം 13-ൽ പറഞ്ഞതാകാം. [15]ഇത് ലിവിങ് ബൈബിളിലെ സമാന്തരപ്രയോഗമാണ്. [16]മുപ്പത്തി-രണ്ടു രാജാക്കന്മാരെ മാറ്റി പകരം പരിചയസമ്പന്നരായ സൈന്യത്തെ നിയമിക്കുവാനായിരുന്നു ബെൻഹദദിനു ലഭിച്ച മറ്റൊരു നിർദ്ദേശം. ആ മുപ്പത്തി-രണ്ട് രാജാക്കന്മാർ കഴിഞ്ഞ യുദ്ധത്തിൽ പരിഭ്രാന്തരായിരുന്നേക്കാം. രാജാക്കന്മാർക്ക് മാത്രം യുദ്ധത്തിനായി സൈന്യത്തെ നയിക്കുവാൻ പ്രയാസമായിരിക്കും. [17]വേദഭാഗം പറയുന്നത്, അവർ ‘‘യുദ്ധം ചെയ്യുവാൻ അഫേക് വരെ പോയി.’’ പല അഫേക്കുകൾ തിരുവെഴുത്തിൽ പറയുന്നതിനാൽ ഇത് ഏതു അഫേക്കാണെന്നു നമുക്കു നിർണ്ണയിക്കുവാൻ പ്രയാസമാണ്. എങ്ങനെയായാലും, 23 ഉം 25 ഉം വാക്യങ്ങളനുസരിച്ച് നഗരം സമതലത്തിലായിരുന്നു എന്നു നമുക്ക് തീർച്ചയാക്കാം. [18]ദൈവത്തിന്റെ പ്രവാചകനെ സൂചിപ്പിച്ച് പറയുന്ന രണ്ടാമത്തെ വാക്കാണ് ഇത്. അരാമ്യർക്കെതിരെയുള്ള മുൻപിലെ യുദ്ധത്തിൽ പറഞ്ഞ പ്രവാചകനായിരിക്കുകയില്ല ഈ പ്രവാചകൻ, മറ്റൊരു പ്രവാചകനായിരിക്കണം. [19]വാക്യം 29 ലും 30 ലും പറഞ്ഞിരിക്കുന്ന സംഖ്യ ആലങ്കാരികമാണോ അതോ വാസ്തവത്തിലുള്ളതാണോ എന്നതിനെ കുറിച്ച് പണ്ഡിതന്മാർക്കിടയിൽ തർക്കമുണ്ട്. എങ്ങനെയായാലും, ‘‘27,000’’ എന്നതു ആലങ്കാരിക സംഖ്യയായിരിക്കുവാനിടയില്ല. ആ സംഖ്യ വാസ്തവ സംഖ്യയല്ല എന്നു വിശ്വസിക്കുവാൻ കാരണമൊന്നുമില്ല. അരാമ്യർ അത്രയുമോ അല്ലെങ്കിൽ അതിലും വലിയതോ ആയ സംഖ്യയോളമുള്ള സൈന്യ ത്തെ ഉപയോഗിച്ചിരുന്നതായി ലൗകിക ചരിത്രം വ്യക്തമാക്കുന്നു. [20]പ്രതിയോഗിയെ പരാജയപ്പെടുത്തുന്ന തന്ത്രം ചരിത്രത്തിൽ പല പ്രാവശ്യം ഉപയോഗിച്ചിരുന്നു. എഡ്വേർഡ് III നഗരത്തെ ഉപരോധിച്ചപ്പോൾ കലെയിസിലെ പൗരന്മാർ ഇത് ഉപയോഗിച്ചിരുന്നു.

[21]വിക്ടർ ലോയ്ഡ്. [22]കോഫ്മാൻ *കമെന്ററി ഓൺ 1 കിങ്സ്,* 268. [23]അവൻ പാലിക്കാതിരുന്ന വാഗ്ദാനം (1 രാജാക്കന്മാർ 22:3). [24]ദമ്മെശെക്കിൽ ‘‘വീഥികൾ’’ പണിയുവാൻ അനുവദിച്ച അർത്ഥമായിരിക്കാം അത്. ആർഎസ്വിയിൽ ‘‘നിനക്ക് ദമ്മെശെക്കിൽ ബസാറുകൾ സ്ഥാപിക്കാം’’ എന്നാണ്. [25]ഒരു കാര്യം തീർച്ചയാണ്: ബെൻഹദദ് ആഹാബിന്റെ ‘‘സഹോദരൻ’’ എന്നതിനു പൂർണ്ണമായ സ്നേഹം നൽകുവാൻ അവൻ തയ്യാറായിരുന്നില്ല (1 രാജാക്കന്മാർ 22:31). [26]ശൗൽ ഒരു ‘‘ട്രോഫി’’ പോലെ ചെയ്യുവാനുള്ള കാരണം തന്റെ കൈക്കരുത്ത് കാണിക്കുവാനായിരിക്കാം. [27]ശൗൽ ആഗാഗിനെ ജീവനോടെ കൊണ്ടുവന്നതും, ആഹാബ് ബെൻഹദദിനെ വിട്ടതും തമ്മിൽ പല സമാനതകളും എടുക്കാം. [28]സംഭവത്തിന്റെ ഭാഗമായി മൂന്നാമത് ഒരു വാക്കിൽ പ്രവാചകനെ വിളിച്ചിരിക്കുന്നു: ഒന്ന് ‘‘പ്രവാചകന്മാരുടെ പുത്രന്മാർ’’ എന്നാണ്. ‘‘ന്റെ പുത്രൻ’’ എന്നതു എബ്രായ പ്രയോഗമാണ്. അത് സൂചിപ്പിക്കുന്നത്, ‘‘സ്വഭാവത്തോടു ഏകീഭവിക്കുക എന്നാണ്.’’ ‘‘പ്രവാചകന്റെ സന്തതി’’ എന്നത് അർത്ഥമാക്കുന്നത് ‘‘പ്രവാചകൻ’’ എന്നാണ്. ജോസെഫസും മറ്റുള്ളവരും വിശ്വസിക്കുന്നത് അത് മീഖായ പ്രവാചകനായിരുന്നു എന്നാണ്, അവനെ നാം രണ്ടദ്ധ്യായങ്ങൾക്കു ശേഷം കാണും (1 രാജാക്കന്മാർ 22:8 മുതൽ). [29]എബ്രായ പുസ്തകത്തിൽ ‘‘കണ്ണുകളുടെ മേൽ മൂടിയിരുന്നു’’ എന്നാണ്. കെജെ

വിയിൽ മുടലിനെ ''ആഷസ്'' എന്നു പറഞ്ഞിരിക്കുന്നു. വേഷ മാറ്റത്തിനു ബാന്റേജ് ഉപയോഗിക്കാനാണ് കൂടുതൽ സാദ്ധ്യത. [30]പ്രവാചകൻ മുറിവേറ്റിരുന്നു, എന്നാൽ യുദ്ധത്തിലായിരുന്നില്ല. വാക്യം 35 മുതൽ 37 വരെ പ്രവാചകനു മറ്റുള്ളവർ അടിക്കുവാൻ പറയുന്ന അസാധാരണ സംഭവം കാണുന്നുണ്ടോ.

[31]2 ശമുവേൽ 12. [32]അടുത്ത പാഠം നോക്കുക.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- എ. ഒരു അവസരം കൂടെയുള്ളു എന്നു മനസിലാക്കുന്നത് നമ്മെ ഭയപ്പെടുത്തുന്നതാണ്! നമ്മുടെ പാഠം ''ആഹാബിന്റെ അവസാന അവസരം'' എന്നാണ്.
  1. എലിയാവ് ആഹാബിനെ ഏതാണ്ട് ഉപേക്ഷിച്ചു കഴിഞ്ഞു (അദ്ധ്യായം 19); ആഹാബിനു മറ്റൊരു അവസരം കൊടുപ്പാൻ അവൻ തയ്യാറായിരുന്നില്ല.
  2. 'ദൈവം ആഹാബിനു മറ്റൊരു അവസരം കൊടുത്തു - ഫലത്തിൽ, ഒന്നല്ല, മൂന്നു ''അവസാന അവസരങ്ങൾ.'' എന്തൊരു അതിശയ കൃപ!
- ബി. അരാമ്യരുടെ മേൽ വിജയം നേടുവാൻ ആഹാബിനേയും യിസ്രായേലിനേയും ദൈവം സഹായിച്ചതായി 1 രാജാക്കന്മാർ 20-ൽ നാം കാണുന്നു.
  1. താൻ തിരഞ്ഞെടുത്ത തന്റെ ജനത്തെ സംരക്ഷിക്കുവാനായിരുന്നു ദൈവം അതു ചെയ്തതു.
  2. ദൈവ മനസിൽ മറ്റൊരു ഉദ്ദേശം കൂടെ ഉണ്ടായിരുന്നു എന്ന് വാക്യം 13ഉം 28ഉം പറയുന്നു: അത് അവൻ തന്നെ സത്യ ദൈവം എന്ന് കഠിന ഹൃദയനായ ആഹാബിനേയും അവന്റെ പിൻശാമികളേയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു.

I. ആഹാബിന്റെ ആദ്യ അവസരം (20:1-21).

- എ. അരാം രാജാവായ, ബെൻഹദദ് ശമര്യ നഗരത്തെ നശിപ്പിക്കുവാൻ ആയിരുന്നു പദ്ധതി ഇട്ടത് (വാക്യം 1-12).
  1. ശമര്യയുടെ ഉപരോധം ഒരുപക്ഷേ നീണ്ടതായിരുന്നേക്കാം; ആഹാബിനു ഏത് നിബന്ധനയും സ്വീകാര്യമായിരുന്നു. (2 രാജാക്കന്മാർ 6:24 മുതൽ പറയുന്ന ബെൻഹദദിന്റെ പിന്നീടുണ്ടായ ഉപരോധം കഠിനമായിരുന്നു എന്ന് ശ്രദ്ധിക്കുക).
  2. ബെൻഹദദ് അവന്റെ ഒന്നാമത്തെ നിബന്ധന പറഞ്ഞു: ''നിന്റെ വെള്ളിയും പൊന്നും എനിക്കുള്ളത്; നിന്റെ സൗന്ദര്യമുള്ള ഭാര്യമാരും പുത്രന്മാരും എനിക്കുള്ളത്'' (വാക്യം 3). ആഹാബ് സമ്മതിച്ചു (വാക്യം 4). ഒരു രാജാവിന് തന്റെ അരമന നഷ്ടപ്പെടുക എന്നാൽ, അവന്റെ സിംഹാസനവും

ആത്മാഭിമാനവും നഷ്ടപ്പെടുക എന്നാ ണർത്ഥം.

3. ബെൻഹദദ് തന്റെ നിബന്ധനകൾ മാറ്റിയപ്പോൾ അവന്റെ ഉപദേഷ്ടാക്കന്മാർ അത് നിരസിക്കുവാൻ പറഞ്ഞു. നിബന്ധനകൾ ആഹാബ് നിരസിച്ചപ്പോൾ ബെൻഹദദ് നഗരത്തെ നശിപ്പിക്കുവാൻ ഒരുങ്ങി.

ബി. താൻ യഹോവയാണെന്നു ആഹാബ് അറിയേണ്ടതിനു ദൈവം ഇടപെട്ടു (വാക്യം 13 നോക്കുക). മാനസാന്തരപ്പെടുവാനും ദൈവത്തെ അംഗീകരിപ്പാനും ആഹാബിനു ഈ അദ്ധ്യായത്തിൽ ലഭിച്ച ആദ്യ അവസരമായിരുന്നു ഇത്.

1. ഏലിയാവിനെ കൂടാതെ യിസ്രായേലിൽ പ്രവാചകൻ ഉണ്ടായിരുന്നു (വാക്യങ്ങൾ 13, 22; കൂടാതെ വാക്യങ്ങൾ 28, 35 നോക്കുക). കർമ്മേൽ പർവ്വതത്തിൽ ഏലിയാവ് കാണിച്ച ധൈര്യം നിമിത്തം ഒളിച്ചിരുന്ന പ്രവാചകന്മാർ ഒരു പക്ഷേ പുറത്തു വന്നിരിക്കാം.
2. ആക്രമണം നയിച്ചത് 232 ബാല്യക്കാരായിരുന്നു (അവർ ഒരു പക്ഷേ യിസ്രായേലിലെ പ്രാദേശിക ഭരണകർത്താക്കളുടെ ഭൃത്യരാകാം, യുദ്ധ പരിചയമില്ലാത്തവർ), അവരെ പിൻപറ്റിയത് 7,000 യിസ്രായേല്യ ഭടന്മാർ ആയിരുന്നു.
3. മത്തനായ ബെൻഹദദ് കൊടുത്ത കല്പനയാൽ, അവന്റെ സൈന്യത്തിലുള്ളവർ പെട്ടെന്നു കൊല്ലപ്പെട്ടു.
4. ആഹാബ് നഗരത്തിൽ നിന്നു വന്നത് തുടച്ചു-നീക്കുക എന്ന ദൗത്യ ത്തിനായിരുന്നു (വാക്യം 21). എങ്ങനെയായാലും, അവനു അതിനു കഴിഞ്ഞില്ല, കാരണം യഹോവയായിരുന്നു ദൈവമെന്നു അവൻ സമ്മതിക്കേണ്ടിയിരുന്നു. അങ്ങനെ ഒന്നാമത്തെ അവസരം കഴിഞ്ഞു.

II. ആഹാബിന്റെ രണ്ടാമത്തെ അവസരം (20:22–30)

എ. ഒരുവർഷത്തിനു ശേഷം (പ്രവാചകൻ മുന്നറിയിച്ചതുപോലെ) അരാ മ്യർ യിസ്രായേലിനു എതിരായി യുദ്ധത്തിനു വന്നു (വാക്യങ്ങൾ 22–27).

1. ഈ സമയത്ത് ശമര്യക്കു ചുന്ദുമുള്ളകുന്നുകളിൽ യുദ്ധം ചെയ്യു ന്നതിനു പകരം സമതലത്തിൽ യിസ്രായേലിനോടു യുദ്ധം ചെയ്യുക എന്നതായിരുന്നു അരാമ്യരുടെ തന്ത്രം.
2. ശമര്യസൈന്യം ദേശം നിറഞ്ഞു, എന്നാൽ യിസ്രായേൽ സൈ ന്യം ‘‘രണ്ടു ചെറിയ ആട്ടിൻകൂട്ടങ്ങൾ ആയിരുന്നു’’ (വാക്യം 22). ജയി ക്കുക-ഇല്ലാ എന്ന് തോന്നിയ സാഹചര്യമായിരുന്നു ഇതും.

ബി. വീണ്ടും ദൈവം ഇടപെട്ടു, അവൻ പ്രപഞ്ചത്തിന്റെ മുഴുവൻ ദൈവമാണെന്നും, അവൻ സത്യദൈവമാണെന്നും ആഹാബിനെ കാണിക്കുവാൻ (വാക്യം 28). അത് ആഹാബിനു ലഭിച്ച രണ്ടാമത്തെ അവസരമായിരുന്നു.

1. തുടർന്നു മനോഹരമായ ഒരു വിജയമായിരുന്നു (വാക്യങ്ങൾ

29, 30). അവന്റെ സൈന്യം നശിപ്പിക്കപ്പെട്ടു, കീഴ്പ്പെടുത്തിയ നഗരത്തിൽ ഒരുചെറിയ ഉള്ളറയിൽ ബെൻഹദദ് ഒളിച്ചു. ദൈവം അവനെ ആഹാബിന്റെ കൈകളിൽ എത്തിച്ചു.

2. വീണ്ടും ആ വലിയ വിജയത്തിന്റെ ഉറവിടത്തെ ആഹാബ് സമ്മ തിച്ച സൂചനയില്ല. രണ്ടാമത്തെ അവസരവും കഴിഞ്ഞു.

III. ആഹാബിന്റെ അവസാന അവസരം (20:30–43)

എ. ബെൻഹദദിനെ എന്തുചെയ്യണമെന്നു യഹോവയോടു ആലോചിക്കു വാനുള്ളതായിരുന്നു ആഹാബിന്റെ അവസാന അവസരം പകരം, യഹോവയുടെ വചനത്തിനു കാത്തിരിക്കാതെ അവൻ പ്രവർത്തിച്ചു (1 രാജാക്കന്മാർ 22:4 നോക്കുക), ആഹാബ് ബെൻഹദദിനെ ആദരവു കൊണ്ടു മുടുകയും വിട്ടയക്കുകയും ചെയ്തു (വാക്യങ്ങൾ 30–34).

ബി. ആഹാബിനു പിന്നെ അവസരങ്ങൾ ഒന്നുമില്ല (35–43)!

1. തടവിൽ നിന്നു രക്ഷപ്പെട്ട ഒരു പ്രവാചകൻ ആഹാബിനോടു പറഞ്ഞു (ഇതു നാഥാൻ ദാവീദിനോടു 2 ശമുവേൽ 12:1–4–ൽ) പ റഞ്ഞ ഉപമ പോലെയുള്ളതാണ്. പ്രവാചകൻ പിന്നെ അവൻ ആഹാബിനെ ക്കുറിച്ചാണ് പറഞ്ഞതെന്നു വെളിപ്പെടുത്തി. ബെൻഹദദിനെ വിട്ടുകളഞ്ഞത് അവനായിരുന്നു. ആഹാബ് ബെൻഹദദിന്റെ ജീവനെ കളയാതിരുന്നതുകൊണ്ട്, അവന്റെ ജീവൻ ബെൻഹദദിനു പകരം നല്കണം (വാക്യം 42).

2. ആഹാബ് തന്റെ അവസാന അവസരവും നഷ്ടമാക്കി!

ഉപസംഹാരം

എ. അവൻ ആഹാബിന്റെ ജീവിതത്തിൽ പ്രവർത്തിച്ചിരുന്നതുപോലെ തീർച്ചയായും നമ്മുടെ ജീവിതത്തിലും പ്രവർത്തിക്കും. അവൻ കർത്താവാണെന്ന് നമ്മിൽ ഊന്നുകയാണ് ഉദ്ദേശം!

ബി. അവൻ കർത്താവാണെന്നു സമ്മതിച്ച് അവനെ അനുസരിക്കുവാനും ദൈവം നമുക്ക് ധാരാളം അവസരങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഒരിക്കൽ, അവന്റെ ക്ഷമ നശിക്കും. അവനെ അനുസരിക്കുവാൻ നിങ്ങൾക്ക് എത്ര അവസരം ലഭിച്ചിട്ടുണ്ട്? *നിങ്ങൾ* ആ അവസരങ്ങൾ ഓരോന്നും അവഗണിക്കുകയായിരുന്നു എങ്കിൽ ഇതു നിങ്ങളുടെ ‘‘അവസാന അവസരം’’ അല്ലേ?